**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4842** **20-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ഒലിപ്പുഴ റോഡിന്റെ നിർമ്മാണപ്രവൃത്തി അഞ്ച് വർഷത്തോളമായിട്ടും ആരംഭിക്കാത്തതു കൊണ്ട് പൊതുജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെ നിർമ്മാണ പ്രവർത്തി ആരംഭിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; റോഡിന്റെ പ്രവർത്തി ആരംഭിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; | (എ) | മഞ്ചേരി ഒലിപ്പുഴ റോഡ് പ്രവൃത്തിക്ക് 20-08-2016ൽ 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതി 19.01.2021 തീയതിയിൽ ലഭ്യമാക്കിയിരുന്നു. ഭൂമി ഏറ്റെടുപ്പിനുള്ള സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 09.06.2022 തീയതിയിൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനായുള്ള കണ്ടിജൻസി ചാർജ് മലപ്പുറം കിഫ്ബി എൽ.എ തഹസിൽദാർ യൂണിറ്റ് 2 ന് കൈമാറിയിട്ടുണ്ട്. കൂടാതെ ഏറ്റെടുക്കേണ്ട ഭൂമിയിലെ സർവ്വേ നമ്പറുകൾ എല്ലാം ഉൾപെടുത്തിയ പുതുക്കിയ ഭരണാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് അനുസരിച്ചുള്ള പുതുക്കിയ അർത്ഥനാപത്രം 05/02/2025 തീയതിയിൽ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ അതിർത്തിക്കല്ലുകളും അലൈൻമെൻറ് കല്ലുകളും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും എൽ.എ സ്കെച്ചും പുതുക്കിയ അർത്ഥനാ പത്രവും കിഫ്ബി എൽഎ തഹസീൽദാർ യൂണിറ്റ് 2 മലപ്പുറം, നിലമ്പൂറിന് 05/02/2025 തീയതിയിൽ നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബി എൽഎ തഹസീൽദാരുടെ നേതൃത്വത്തിൽ സബ്ഡിവിഷൻ സർവ്വേ നടന്നു വരികയാണ്. തുടർന്ന് റവന്യൂ വകുപ്പ് മുഖാന്തിരം RFCT LARR ആക്റ്റ് 2013 ചട്ടങ്ങൾക്ക് വിധേയമായി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതാണ്. കൂടാതെ കിഫ്ബി മുഖാന്തരം നാറ്റ്പാക് തയാറാക്കിയ അലൈൻമെൻറ് ഡ്രോയിങ് അടിസ്ഥാനമാക്കി തയാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിക്ക് അധിക തുക ആവശ്യമായി വരുകയും തുടർന്ന് |

| | | | |
|---|---|---|---|
| | | | 135.37 (നൂറ്റി മുപ്പത്തി അഞ്ച് കോടി മുപ്പത്തി ഏഴ് ലക്ഷം)കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് കിഫ്‌ബിയുടെ അംഗീകാരത്തിനായി 13/10/2024 തീയതിയിൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഉൾപ്പെടുത്തി ഫയൽ കിഫബിയിലേക്ക് 08/01/2025 തീയതിയിൽ നൽകിയിട്ടുണ്ട്. നിലവിൽ ഇത് കിഫ്‌ബിയുടെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, കിഫ്‌ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായാലുടൻ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദേശങ്ങൾ പാലിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി സ്ഥലലഭ്യത ഉറപ്പാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മഞ്ചേരി ഒലിപുഴ റോഡ് നിർമാണ പ്രവൃത്തിക്ക് 14.06.2018 തീയതിയിൽ കിഫ്‌ബിയിൽ നിന്നും ലഭ്യമായ 85.16 കോടി രൂപയുടെ സാമ്പത്തികാനുമതിയിൽ റോഡ് നിർമാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി 17.2 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | റോഡ് നിർമ്മാണത്തിനു വേണ്ടി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ പൊളിക്കേണ്ടതുണ്ടോ; വിശദമാക്കാമോ; ഇതിനുവേണ്ടി നീക്കിവെച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | കിഫ്‌ബിയിൽ നിന്നും ലഭ്യമായ അലൈൻമെൻറ് പ്രകാരം നിർമാണ പ്രവൃത്തികൾക്ക് മഞ്ചേരി മുതൽ കിഴക്കേ പാണ്ടിക്കാട് വരെ ടൗൺ ഭാഗങ്ങളിൽ ചിലയിടങ്ങളിൽ മതിലുകളും ഭാഗികമായി കെട്ടിടങ്ങളും പൊളിച്ചുമാറ്റേണ്ടതായി വരുന്നുണ്ട്. നിലവിൽ കിഫ്ബി എൽഎ തഹസീൽദാരുടെ നേതൃത്വത്തിൽ സബ്ഡിവിഷൻ സർവ്വേ നടന്നു വരികയാണ്. കിഫ്‌ബി LA വിശദമായ സർവ്വേ നടപടികൾ പൂർത്തിയായതിനു ശേഷം ഡീറ്റൈൽഡ് വാല്യുവേഷൻ ലഭ്യമായാൽ മാത്രമെ നഷ്ടപരിഹാരതുക കണക്കാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 17.2 കോടി രൂപ കിഫ്‌ബിയിൽനിന്നും ലഭിച്ച സാമ്പത്തികാനുമതിയിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | റോഡ് നിർമ്മാണത്തിന് വേണ്ടി ഏറ്റെടുക്കേണ്ട സ്വകാര്യ വ്യക്തികളുടെ ഭൂമി എത്ര വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനുവേണ്ടി നഷ്ടപരിഹാരമായി നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കിഫ്‌ബി LA തഹസിൽദാർ യൂണിറ്റ് 2 മലപ്പുറം നിലമ്പൂരിന്റെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് വിശദമായ സർവ്വേ നടന്നു വരികയാണ്. ആയത് പൂർത്തിയായാൽ മാത്രമെ സ്വകാര്യ വ്യക്തികളുടെ ഏറ്റെടുക്കേണ്ട് ഭൂമിയുടെ വിസ്തീർണം, ആയതിനുള്ള നഷ്ടപരിഹാര തുക എന്നിവ അറിയാൻ സാധ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ